## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1121

20.03..2012 ലെ
മറുപടിയ്ക്ക്

### അന്യാധീനപ്പെട്ട സർക്കാർ ഭൂമി തിരിച്ചുപിടിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
|---|---|
| എ) കാസർഗോഡ് ജില്ലയിൽ ആകെ എത്ര സർക്കാർ ഭൂമി ഉണ്ടെന്ന് വ്യക്തമാക്കാമോ; | എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ്, ഹോസ്ദുർഗ് എന്നീ താലൂക്കുകളിലായി 26664.82 ഏക്കർ സർക്കാർ ഭൂമി ഉണ്ട്. |
| ബി) ഇതിൽ ലാന്റ് ബാങ്കിൽ എത്ര ഭൂമിയാണ് നിക്ഷിപ്തമായിട്ടുള്ളതെന്ന് അറിയിക്കാമോ; ലാന്റ് ബാങ്കിൽ നിക്ഷിപ്തമായ ഭൂമി സ്ഥാപനങ്ങൾക്കോ സ്വകാര്യ വ്യക്തികൾക്കോ പതിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) ഇതിൽ 3012.57 ഏക്കർ ഭൂമി ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ലാന്റ് ബാങ്കിൽ നിക്ഷിപ്തമായ ഭൂമിയിൽ നിന്നും സ്ഥാപനങ്ങൾക്കോ സ്വകാര്യ വ്യക്തികൾക്കോ ഭൂമി പതിച്ചു നൽകിയിട്ടില്ല. |
| സി) അന്യാധീനപ്പെട്ട സർക്കാർ ഭൂമി എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്നും, എങ്കിൽ എത്രയെന്നും, അവ തിരിച്ചു പിടിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ? | സി) കയ്യേറ്റം നടത്തിയിട്ടുള്ള സർക്കാർ ഭൂമിയുടെ അളവ് തിട്ടപ്പെടുത്തിയിട്ടില്ല. കേരള ഭൂ സംരക്ഷണ നിയമ നടപടിയിലൂടെ ഭൂമി തിരിച്ചു പിടിക്കാൻ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ